**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **06.02.2020-ൽ മറുപടിക്ക്**

**ചോദ്യം നം. 1419**

**ഓഖി ദുരിതാശ്വാസ പദ്ധതികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്**<br>**,, കെ.എസ്.ശബരീനാഥൻ :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | 2017 ഡിസംബറിലുണ്ടായ ഓഖി ദുരന്തത്തിൽ നഷ്ടമായ യാനങ്ങൾക്ക് തുല്യമായ നഷ്ടപരിഹാരം നൽകുമെന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ ഈയിനത്തിൽ എന്ത് തുകയാണ് നൽകിയതെന്ന് അറിയിക്കാമോ; | (എ) | 2017 നവംബർ 29,30 തീയതികളിലുണ്ടായ ഓഖി ചുഴലിക്കാറ്റിൽ പൂർണ്ണമായി നഷ്ടമായതും കേടുപാടുകൾ സംഭവിച്ചതുമായ യാനങ്ങൾക്ക് തുല്യമായ നഷ്ടപരിഹാരം നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ട്. പ്രസ്തുത ചുഴലിക്കാറ്റിൽ നഷ്ടപ്പെട്ടതും കേടുപാടുകൾ സംഭവിച്ചതുമായ യാനങ്ങളുടെ നഷ്ടം ജില്ലകളിൽ രൂപീകരിച്ച ഇവാല്യൂവേഷൻ കമ്മിറ്റി പരിശോധിച്ച് നിർണ്ണയിക്കുകയും ആയതിനനുസരിച്ചുള്ള തുക നിശ്ചയിച്ച് ആറ് ഘട്ടങ്ങളിലായി ബന്ധപ്പെട്ട ദുരന്തബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 480 മത്സ്യത്തൊഴിലാളികൾക്ക് 7,07,28,126/- രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. |
| (ബി) | ദുരിതബാധിതരായ 143 കുടുംബങ്ങളിൽ എത്രപേർക്ക് ഇതിനോടകം ആശ്രിതനിയമനം നൽകി; ഇപ്രകാരം നൽകിയ നിയമനം താൽക്കാലിക നിയമനമാണോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഓഖി ദുരന്തത്തിൽ മരണപ്പെടുകയും കാണാതായവരുമായ മത്സ്യത്തൊഴിലാളികളുടെ വിധവകൾക്ക് (പത്താം ക്ലാസ്സിൽ താഴെ വിദ്യാഭ്യാസമുള്ളവരും 40 വയസ്സിന് താഴെ പ്രായമുള്ളവരുമായ) 42 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നൽകിയിട്ടുണ്ട്. നിലവിൽ 32 പേർ ജോലി ചെയ്തു വരുന്നു. 10-ാം ക്ലാസ്സും അതിനു മുകളിലും വിദ്യാഭ്യാസമുള്ള 12 വിധവകൾക്ക് ആരോഗ്യവകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ വിവിധ ജോലികൾ നൽകുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചു വരുന്നു. എല്ലാപേർക്കും താൽക്കാലിക നിയമനങ്ങളാണ് നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | തീരദേശസേനയിൽ 200 മത്സ്യത്തൊഴിലാളികളെ നിയമിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | തീരദേശസേനയിൽ 200 മത്സ്യത്തൊഴിലാളികളെ 14 തീരദേശ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡന്മാരായി നിയമിച്ചിട്ടുണ്ട്. |
| (ഡി) | മത്സ്യബന്ധനയാനങ്ങളെയും മത്സ്യഗ്രാമങ്ങളെയും ബന്ധപ്പെടുത്തി വിവരവിനിമയ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ഡി) | നടപ്പിലാക്കിയിട്ടുണ്ട്.<br>ഇൻകോയിസ്, സ്വാമിനാഥൻ ഫൗണ്ടേഷൻ, ഫിഷറീസ് വകുപ്പ് എന്നിവ സംയുക്തമായി പ്രവർത്തിച്ച് മത്സ്യത്തൊഴിലാളികൾക്ക് വിവരവിനിമയം സാദ്ധ്യമാക്കുന്നുണ്ട്. കേന്ദ്രകാലാവസ്ഥാ കേന്ദ്രം പുറപ്പെടുവിക്കുന്ന മുന്നറിയിപ്പുകൾ കേരള ദുരന്ത നിവാരണ വകുപ്പ് ഫിഷറീസ് വകുപ്പിന് കൈമാറുകയും വകുപ്പ് വിവിധ മാർഗ്ഗങ്ങളിലൂടെ ടി മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളിലെത്തിക്കുകയും ചെയ്യുന്നു. കടൽത്തീരത്തെ ആരാധനാലയങ്ങൾ, ട്രേഡ് യൂണിയൻ സംഘടനകൾ, ആകാശവാണി, എഫ്.എം.റേഡിയോ, മൈക്ക് അനൗൺസ്മെന്റ്, തീരദേശ പോലീസ്, ജാഗ്രതാ സമിതികൾ, ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ, ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ തുടങ്ങിയവയുടെ സഹായത്താൽ വിവരവിനിമയം സാധ്യമാക്കുന്നുണ്ട്. 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പരുകൾ ഇൻകോയിസിന് കൈമാറിയിട്ടുണ്ട്. 1000 മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. "നാവിക്" സംവിധാനത്തിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ മുന്നറിയിപ്പുകളും, അപകടമുന്നറിയിപ്പുകളും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ